# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 18-05-2013

## ഹയർസെക്കന്ററി-
## ചട്ടവിരുദ്ധമായ സീനിയോറിറ്റി ലിസ്റ്റ് റദ്ദാക്കണം
## - കെ എസ് ടി എ

**യോഗ്യതയുള്ള ഹൈസ്കൂൾ, പ്രൈമറി അധ്യാപകരുടെ ഹയർസെക്കന്ററി പ്രമോഷനുള്ള അവസരം നഷ്ടപ്പെടുത്തുന്ന സീനിയോറിറ്റി ലിസ്റ്റ് റദ്ദാക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഹയർസെക്കന്ററി സ്പെഷ്യൽ റൂൾ പ്രകാരം 25 ശതമാനം ഒഴിവുകളാണ് ബൈട്രാൻസ്ഫർ പ്രമോഷനിലൂടെ നികത്തേത്. ഈ വ്യവസ്ഥ ലംഘിച്ചുകൊുള്ള സീനിയോറിറ്റി ലിസ്റ്റാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.**

**2008 മുതൽ 2011 വരെയുള്ള മുഴുവൻ ഒഴിവുകളും കണക്കാക്കി സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് പ്രമോഷൻ നൽകുകയാണ് ചെയ്യേത്. ഇതിന് പകരം ഓരോ വർഷവും ഉാവുന്ന ഒഴിവുകൾ പ്രത്യേകം കണക്കാക്കി യോഗ്യരായവർക്ക് പ്രമോഷൻ നൽകണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇങ്ങനെ വരുമ്പോൾ ഏതെങ്കിലും വർഷം പ്രമോഷന് യോഗ്യരായവർ ഇല്ലാതെ വന്നാൽ ആ ഒഴിവുകളിലെ പ്രമേഷൻ സാധ്യത അധ്യാപകർക്ക് നഷ്ടപ്പെടും. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴോ, അതിനനുസരിച്ചുള്ള ഒഴിവുകൾ നോട്ടിഫൈ ചെയ്തപ്പോഴോ ഇക്കാര്യം വെളിപ്പെടുത്തിയിരുന്നില്ല. മുൻകാലങ്ങളിലൊന്നും ഇല്ലാത്ത ഈ തീരുമാനം അധ്യാപകർക്ക് അർഹമായ പ്രമോഷൻ നിഷേധിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണ്. കൊമേഴ്സ്, ജേർണലിസം, അറബിക്, ജ്യോഗ്രഫി, സൈക്കോളജി, ഫിലോസഫി തുടങ്ങിയ വിഷയങ്ങളിലായി നിരവധി അധ്യാപകരുടെ പ്രമോഷൻ സാധ്യതയാണ് ഇതോടെ ഇല്ലാതാവുന്നത്.**

**കേരള സർവീസ് റൂൾ ചട്ടം 28(1) എ അനുസരിച്ചാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തേത്. ഇത് പ്രകാരം ഒഴിവുകൾ ഉാകുന്ന വർഷം പ്രമോഷന് അർഹതയുള്ളവർ ഇല്ലെങ്കിൽ ഈ ഒഴിവുകൾ വരും വർഷങ്ങളിലേക്ക് മാറ്റിവയ്ക്കണം. ഈ വ്യവസ്ഥയും അട്ടിമറിച്ചിരിക്കുന്നു.**

**അർഹരായ അധ്യാപകരുടെ പ്രമോഷൻ നഷ്ടപ്പെടുത്തുന്ന തീരുമാനം പുനഃപരിശോധിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ അധ്യാപകപ്രക്ഷോഭത്തെ നേരിടേിവരുമെന്നും കെ എസ് ടി എ ജനറൽ സെക്രട്ടറി എം ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി